# Official Spokesperson's response to media queries on false allegations made by Pakistan’s Foreign Minister

August 13, 2021

**പാകിസ്ഥാൻ വിദേശകാര്യമന്ത്രിയുടെ വ്യാജ ആരോപണനകൾ സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം**

ഓഗസ്റ്റ് 13, 2021

---

**പാകിസ്ഥാൻ വിദേശകാര്യമന്ത്രിയുടെ വ്യാജ ആരോപണനകൾ സംബന്ധിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചിയുടെ പ്രതികരണം ഇപ്രകാരമായിരുന്നു.**

ദാസുവിലെ സംഭവത്തെക്കുറിച്ച് പാകിസ്താൻ വിദേശകാര്യ മന്ത്രി നടത്തിയ അസംബന്ധമായ അഭിപ്രായറിപ്പോർട്ടുകൾ ഞങ്ങൾ കണ്ടു.

പ്രാദേശിക അസ്ഥിരതയുടെ പ്രഭവകേന്ദ്രം, നിരോധിത ഭീകരർക്കായുള്ള സുരക്ഷിത താവളം എന്ന നിലയിൽ നിന്നുള്ള തങ്ങളുടെ വിശേഷണങ്ങളിൽ നിന്നും അന്താരാഷ്ട്ര ശ്രദ്ധ തിരിക്കുന്നതിനായി ഇന്ത്യയെ അപകീർത്തിപ്പെടുത്താനുള്ള പാകിസ്താന്റെ മറ്റൊരു ശ്രമമാണിത്.

തീവ്രവാദം സംബന്ധിച്ചുള്ള പാകിസ്ഥാന്റെ യോഗ്യതകളെക്കുറിച്ച് നന്നായി അറിയാവുന്ന അന്താരാഷ്ട്ര സമൂഹവുമായി ചേർന്ന് ഭീകരതയ്ക്കെതിരായി നടത്തുന്ന ആഗോള ശ്രമങ്ങളിൽ ഇന്ത്യ മുൻപന്തിയിലാണ്. വ്യാജമായ കുപ്രചാരണങ്ങൾ നടത്തുന്ന പാക്കിസ്ഥാന്റെ അത്തരം നിരാശാജനകമായ ശ്രമങ്ങൾ ഏറ്റെടുക്കാൻ വളരെ കുറച്ചു പേരെ മാത്രമേ ലഭിക്കുകയുള്ളൂ.

ന്യൂ ഡൽഹി
ഓഗസ്റ്റ് 13, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.